ഇരിക്കൂർ വാട്ടർ സപ്ലൈ സ്കീം

103(2015) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇരിക്കൂർ വാട്ടർ സപ്ലൈ സ്കീമിന്റെ പ്രവർത്തനങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് ;

(ബി) ഇനി ഏതെല്ലാം നിർമ്മാണ പ്രവർത്തികൾ പൂർത്തിയാക്കാനുണ്ടെന്നും ഇത് എന്നത്തേയ്ക്ക് കമ്മീഷൻ ചെയ്യുമെന്നും വെളിപ്പെടുത്തുമോ ;

(സി) പടിയൂർ ഗോപികുമാർ എസ്റ്റേറ്റിലെ ഭൂമി റവന്യൂ വകുപ്പിൽ നിന്നും വിട്ടുകിട്ടാൻ എന്തു നടപടികൾ ഇനി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു ?

ഉത്തരം

(എ) ഇരിക്കൂർ വാട്ടർ സപ്ലൈ സ്കീമിനു വേണ്ടി പഴശ്ശി റിസർവോയറിൽ ഒരു ഇൻടേക്ക് കിണറും, കൊഞ്ചേർപാറ, ഊരാത്തൂർ എന്നീ സ്ഥലങ്ങളിൽ രണ്ട് ഗ്രൗണ്ട് ലവൽ ജലസംഭരണികളും പൂർത്തീകരിച്ചു കഴിഞ്ഞു. ആവശ്യമായ സ്ഥലം ലഭ്യമാകാത്തതിനാൽ ശുദ്ധീകരണ ശാലയുടെ നിർമ്മാണം ഇനിയും ആരംഭിക്കുവാൻ സാധിച്ചിട്ടില്ലാത്തതിനാൽ അതിനോടനുബന്ധിച്ചുള്ള പമ്പിംഗ് മെയിൻ, ട്രാൻസ്മിഷൻ മെയിൻ, വിതരണ ശൃംഖലകൾ എന്നിവ ആരംഭിച്ചിട്ടില്ല.

(ബി) ശുദ്ധീകരണശാല, പമ്പിംഗ് മെയിൻ, ട്രാൻസ്മിഷൻ മെയിൻ, ഓവർ ഹെഡ് ടാങ്ക്, വിതരണ ശൃംഖലകൾ എന്നിവയുടെ പണി ആരംഭിക്കേണ്ടതുണ്ട്. ശുദ്ധീകരണ ശാലയ്ക്ക് സ്ഥലം ലഭ്യമാക്കുകയാണെങ്കിൽ ഈ പദ്ധതി 3/2001ൽ കമ്മീഷൻ ചെയ്യാമെന്ന് പ്രതീക്ഷിക്കുന്നു.

(സി) പടിയൂർ ഗോപികുമാർ എസ്റ്റേറ്റിൽ ആർ. എസ്. നം. 1/14-ൽപ്പെട്ട 1.65 ഹെക്ടർ ഭൂമി വാട്ടർ അതോറിറ്റിക്ക് ട്രാൻസ്ഫർ ചെയ്യുന്നതിന് 20-1-1996-ലെ സർക്കാർ ഉത്തരവ് (എം. എസ്) നം. 191/96/റവ. പ്രകാരം ഉത്തരവുണ്ടായെങ്കിലും ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ സ്റ്റേ ഉത്തരവു നിലവിലുണ്ടായിരുന്നതിനാൽ ഇതുവരെ സ്ഥലം കൈമാറാൻ സാധിച്ചിരുന്നില്ല. എന്നാൽ റവന്യൂ അധികൃതരുമായി ബന്ധപ്പെട്ടപ്പോൾ അറിയാൻ കഴിഞ്ഞത് പ്രസ്തുത കേസ് രാജിയാവുകയും ജില്ലാ കളക്ടർ പ്രസ്തുത സ്ഥലം വിട്ടുകൊടുക്കുന്നതിനുവേണ്ടി 27-4-1999-ന് ലാൻഡ് ബോർഡ് സെക്രട്ടറിക്ക് കത്തെഴുതുകയും ചെയ്തിട്ടുണ്ട് എന്നാണ്.

കല്ലട ജലസേചന പദ്ധതിയുടെ എസ്റ്റിമേറ്റ് തുക

104 (2016) ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കല്ലട ജലസേചന പദ്ധതി പ്രോജക്റ്റ്-3 കൊട്ടാരക്കരയിലെ ചെറുകരക്കോണം-മരുതിക്കോട്-കടയ്ക്കോട് 6-ാം നമ്പർ ടണൽ റോഡിന്റെ പുനരുദ്ധാരണ പണികൾ നടത്തുന്നതിനുള്ള പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കുകയുണ്ടായോ ; എങ്കിൽ പുതുക്കിയ എസ്റ്റിമേറ്റ് തുക എത്രയാണെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly